**19U667S** (Pages: 2) Name: ……………………..

Reg. No: …………………..

**SIXTH SEMESTER B.A. DEGREE EXAMINATION, APRIL 2022**

(CUCBCSS-UG)

**CC15U MAL6 B12 – ഗദ്യ സാഹിത്യം**

(Malayalam – Core Course)

(2016 to 2018 Admissions – Supplementary/Improvement)

Time: Three Hours Maximum: 80 Marks

**I. ഓരോ ചോദ്യത്തിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

1. ലഭ്യമായവയിൽ ഏറ്റവും പഴക്കമുണ്ടെന്ന് കരുതപ്പെടുന്ന ശാസനം ഏത്?
2. ഭാഷാസംക്രമണവാദത്തിന്റെ ഉപജ്ഞാതാവ് ആര്?
3. ഏറ്റവും പഴയ ആട്ടപ്രകാരം ഏത് ?
4. കേരളത്തിലെ മലയാളം അച്ചടിക്ക് അടിത്തറ പാകിയത് ആര്?
5. മലയാളത്തിലെ ആദ്യ യാത്രാവിവരണ കൃതി?
6. 'ചീന്തിപ്പോയ ഒരേട് ' എന്ന ലേഖനത്തിൽ പരാമർശിക്കുന്ന നിരൂപകൻ ആര്?
7. 'ഗുരുവും ശിഷ്യനും' എന്ന കൃതിയിലെ ഗുരു ആര്?
8. 'സത്യം തന്നെ സൗന്ദര്യം, സൗന്ദര്യം തന്നെ സത്യം' - ആരുടെ വാക്കുകൾ?
9. ഭാഗീരഥിയും അളകനന്ദയും ഒന്നിക്കുന്നത് എവിടെ?
10. ടെക്സ്റ്റ് ബുക്ക് കമ്മിറ്റിയുടെ അധ്യക്ഷൻ?

**(10 × ½ = 5 Marks)**

**II. എല്ലാചോദ്യങ്ങൾക്കും ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11. നമ്പ്യാന്തമിഴ് മണിപ്രവാളം അല്ല എന്നതിന് ലീലാതിലകകാരൻ പറയുന്ന കാരണം എന്ത്?
12. കവിയുടെ മൂന്നുതരം മനോഭാവങ്ങൾ കവിതയിൽ പ്രതിഫലിക്കുന്നു - ഏതൊക്കെ?

13. കേരളവർമ്മയെ ആയുധാഭ്യാസമുറകൾ പരിശീലിപ്പിച്ച ഗുരുക്കന്മാർ ആരൊക്കെ?

14. 'ഇത് വീട്ടുകാരെ ബോധിപ്പിക്കാൻ മാത്രമുള്ളതാണ്. നേരായ ശകാരം അല്ല' ആരെയാണ് ശകാരിക്കുന്നത്?

15. ഗദ്യസാഹിത്യത്തിൽ ഏ.ആറിന്റെ സംഭാവനകൾ എന്തെല്ലാം?

**(5 × 2 = 10 Marks)**

**III. ഏതെങ്കിലും അഞ്ചുചോദ്യത്തിന് ഉത്തരമെഴുതുക.**

16. മലയാളത്തിലെ ആദ്യകാല പത്രമാസികകളെക്കുറിച്ച് വിവരിക്കുക.

17. എ പി ഉദയഭാനുവിന്റെ മഴയോർമ്മകൾ എന്തെല്ലാം?

18. മാരാരെക്കുറിച്ച് എം. ആർ. ബി ഓർമ്മിക്കുന്നത് എങ്ങനെ?

19. കേരളവർമ്മയുടെ വന്യമൃഗങ്ങളെ നായാടണമെന്നുള്ള ആഗ്രഹം സാധിച്ചത് എങ്ങനെ?

20. കവിതയെക്കുറിച്ച് കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരീക്ഷണങ്ങൾ എന്തെല്ലാം?

21. പുസ്തകഘടനയെ പൊളിച്ചെഴുതുകയാണ് തിരമൊഴി - എങ്ങനെ?

22. കാലി കമ്പിളി ബാബയുടെ ധർമ്മശാലയുടെ പ്രത്യേകതകൾ എന്തെല്ലാം?

**(5 × 5 = 25 Marks)**

**IV. ഏതെങ്കിലും നാലുചോദ്യത്തിന് ഉത്തരമെഴുതുക.**

23. അനുഭവതീവ്രതകൊണ്ട് ശ്രദ്ധേയമായ യാത്രാവിവരണമാണ് രാജൻ കാക്കനാടൻ 'ഹിമാവാന്റെ മുകൾത്തട്ടിൽ' - സമർത്ഥിക്കുക.

24. ശാസനങ്ങളുടെ രൂപപരവും ഭാഷാപരവുമായ സവിശേഷതകൾ വിലയിരുത്തുക.

25. മലയാള ഗദ്യവികാസത്തിന് മിഷണറിമാർ നൽകിയ സംഭാവനകൾ ക്രോഡീകരിക്കുക.

26. സാഹിത്യഭാഷയെക്കുറിച്ചുള്ള മുണ്ടശ്ശേരിയുടെ കാഴ്ചപ്പാട് എന്ത്? വിവരിക്കുക.

27. ജീവചരിത്രം, യാത്രാവിവരണം, ആത്മകഥ എന്നീ ശാഖകളിൽ മലയാളഭാഷയിൽ ആഖ്യാനരീതികൊണ്ട് ശ്രദ്ധേയമായ പുതിയ രചനകളെ പരിചയപ്പെടുത്തുക.

28. കേരളവർമ്മയുടെ ഭാഷാശൈലി മൃഗയാ സ്മരണകളെ മുൻനിർത്തി വിശകലനംചെയ്യുക.

**(4 × 10 = 40 Marks)**

*******